വാരാന്ത്യപതിപ്പ് ലക്കം-57 | JUNE 19 - JUNE 25

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1
പിതൃ ദിനം
പേജ് 2
ലോക വായനാ ദിനം
പേജ് 3
ലോക അഭയാർത്ഥി ദിനം
പേജ് 3
സോഷ്യോപോഡ്സ് - മഞ്ഞ്
പേജ് 4
ടോക്ക് ഓൺ പെസ്റ്റ് ഡേ
പേജ് 4
പബ്ലിക് സർവീസ് ഡേ
പേജ് 5
അന്താരാഷ്ട്ര യോഗ ദിനം
പേജ് 5
ലോക സംഗീത ദിനം
പേജ് 6
ബെന്യാമിന്റെ ആടുജീവിതം
പേജ് 6
നാലുകെട്ട്
പേജ് 7
പാത്തുമ്മയുടെ ആട്
പേജ് 7
കൈറ്റ് റണ്ണർ
പേജ് 8
അഗ്നിസാക്ഷി
പേജ് 8
അഗ്വഞ്ചർ
പേജ് 8
പേജ് 10
അക്ഷരാഗ്നി
പേജ് 10
ചോദ്യം ഉത്തരം
പേജ് 11
ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ. എസ് എസ് യൂണിറ്റിന്റെ സോഷ്യോപോഡ്സ്, വായനവാരത്തോടനുബന്ധിച്ച് നടത്തുന്ന പുസ്തക അവലോകനത്തിന്റെ ഒന്നാം എപ്പിസോഡ് പുറത്തിറക്കി. എൻ എസ് എസ് വളന്റിയർ ആർദ്ര .കെ .എച് എഴുതിയ കാരൂർ നീലകണ്ഠൻ പിള്ള രചിച്ച മരപ്പാവകൾ എന്ന കൃതിയുടെ പുസ്തക അവലോകനമാണ് വളന്റിയർ സ്വാതി പരിചയപ്പെടുത്തിയത്. ആദ്യമായി തമ്മിൽ കണ്ടുമുട്ടുന്ന ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ഒരു ഉടനീള സംഭാഷണമാണ് മരപ്പാവകൾ .ഈ ഒരു സംഭാഷണത്തിലൂടെ വായനക്കാരൻ നളിനി എന്ന സ്ത്രീയെയും അവളുടെ ജീവിത സാഹചര്യങ്ങളേയും കുറിച്ച് മനസ്സിലാക്കുന്നു.

## പിതൃ ദിനം

എൻ എസ് എസ് ജൂൺ പത്തൊൻപത് പിതൃ ദിനം ആചരിച്ചു.പിതാക്കന്മാരെയും പിതൃബന്ധത്തെയും സമൂഹത്തിൽ ഉയർത്തി കാണിക്കുവാനാണ് ഈ ദിനം എല്ലാവർഷവും ആചരിച്ചുവരുന്നത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ലോക വായനാ ദിനം

ജൂൺ പത്തൊൻപതാം തിയ്യതി ലോക വായനാ ദിനം ആചരിച്ചു. പി എൻ പണിക്കരുടെ ബഹുമാനാർത്ഥമാണ് ഈ ദിനം ആചരിക്കുന്നത്. വായനയ്ക്കും സാക്ഷരതയ്ക്കും അദ്ദേഹം നൽകിയ സംഭാവനകൾക്ക് ആദരാഞ്ജലി അർപ്പിക്കാൻ അദ്ദേഹത്തിന്റെ ചരമവാർഷികത്തിൽ ആളുകൾ ദേശീയ വായനാദിനം ആചരിക്കുന്നു.വായനാശീലം എല്ലാവരിലും വളർത്തിയെടുക്കണം, കാരണം വായന നമ്മുടെ അറിവ് വർദ്ധിപ്പിക്കുക മാത്രമല്ല, വ്യക്തിയെ ശാന്തനും ഏകാഗ്രനും ക്ഷമയുള്ളവനുമായി മാറ്റുകയും ചെയ്യുന്നു. ഇതിനോടനുബന്ധിച്ച് വായനാ മത്സരവും വായനാവാരവും സംഘടിപ്പിച്ചു.



# ലോക അഭയാർത്ഥി ദിനം




ജൂൺ ഇരുപതാം തിയ്യതി ലോക അഭയാർത്ഥി ദിനം ആചരിച്ചു. തങ്ങളുടെ ജീവിതം പുനർനിർമ്മിക്കുന്നതിൽ അഭയാർത്ഥികൾ കാണിക്കുന്ന ദൃഢതയും കരുത്തും തിരിച്ചറിഞ്ഞ് എല്ലാ വർഷവും ജൂൺ ഇരുപതിനാണ് ലോക അഭയാർത്ഥി ദിനം യു എൻ നിശ്ചയിച്ചത്. ആ മനുഷ്യർ അനുഭവിച്ച പ്രയാസങ്ങൾ പ്രതിഫലിപ്പിക്കാനും മനസ്സിലാക്കാനും കൂടിയാണിത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.

# സോഷ്യോപോഡ്സ് - മഞ്ഞ്- പുസ്തക അവലോകനം




സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ. എസ് എസ് യൂണിറ്റിന്റെ സോഷ്യോപോഡ്സ് വായനവാരത്തോടനുബന്ധിച്ച് നടത്തുന്ന പുസ്തക അവലോകനത്തിന്റെ രണ്ടാം എപ്പിസോഡ് പുറത്തിറക്കി.കോളേജിലെ തന്നെ വിദ്യാർത്ഥിനിയായ അനുലക്ഷ്മി സി എ എഴുതിയ എം. ടി വാസുദേവൻ നായരുടെ മഞ്ഞ് എന്ന കൃതിയുടെ പുസ്തക അവലോകനമാണ് വളന്റിയർ കീർത്തന വി ബി പരിചയപ്പെടുത്തിയത്. കാത്തിരിപ്പും പ്രതീക്ഷയും പ്രണയവും വിരഹവും ഈ കൃതിയിൽ കാണാം. കാത്തിരിപ്പിന്റെ വിവിധ ഭാവങ്ങളെപ്പറ്റി കഥാകൃത്ത് വരച്ചുകാട്ടുന്നു.വളരെ മനോഹരമായി അനുലക്ഷ്മി മഞ്ഞ് എന്ന കൃതിയുടെ പുസ്തക അവലോകനം എഴുതി.എഴുതിയതത്രയും മനോഹരമായി കീർത്തന അവതരിപ്പിക്കുകയും ചെയ്തു.

# ടോക്ക് ഓൺ പെസ്റ്റ് ഡേ

വേൾഡ് പെസ്റ്റ് ഡേയോടനുബന്ധിച്ച് ജൂൺ ഇരുപതിയൊന്നിന് ക്ലാസ്സ് സംഘടിപ്പിച്ചു.സെന്റ് തോമസ് കോളേജിലെ സുവോളജി ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. സി. എഫ്. ബിനോയ് ക്ലാസ്സ് നയിച്ചു.ഫാ. അനിൽ, പ്രോഗ്രാം ഓഫീസേഴ്സ് ആയ രഞ്ജിത്ത് വർഗീസ്, ഡോ. വിമല കെ ജോൺ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.









# പബ്ലിക് സർവീസ് ഡേ

ജൂൺ ഇരുപത്തി മൂന്ന് പബ്ലിക് സർവീസ് ഡേ ആചരിച്ചു. പൊതുജന സേവന മേഖലയിൽ ജോലി ചെയ്യുന്നവർ സമൂഹത്തിന് നൽകുന്ന സംഭാവനകൾ കണക്കിലെടുത്താണ് ഈ ദിനം ആചരിക്കുന്നത്. പുതിയ കാലഘട്ടത്തിൽ പബ്ലിക്ക് സർവ്വീസിനുള്ള പ്രാധാന്യവും യുവാക്കൾ പബ്ലിക്ക് സർവ്വീസ് മേഖലയിലേക്ക് കടന്നു വരേണ്ടതിന്റെ ആവശ്യകതക്കും ഈ ദിനം ഊന്നൽ നൽകുന്നു. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.



# അന്താരാഷ്ട്ര യോഗ ദിനം

ജൂൺ ഇരുപത്തിയൊന്ന് അന്താരാഷ്ട്ര യോഗ ദിനമായി ആചരിച്ചു. നെഹ്റു യുവകേന്ദ്ര, നാഷണൽ സർവീസ് സ്കീം ജില്ലാഘടകം, സെന്റ് തോമസ് കോളേജ് എന്നിവയുടെ ആഭിമുഖ്യത്തിൽ ജില്ലാതല യോഗാ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. സെന്റ് തോമസ് കോളേജിലെ പാലോക്കാരൻ സ്ക്വയറിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ പി.കേ. ഡേവിഡ് ഉദ്ഘാടനം ചെയ്തു. യോഗ പരിശീലനത്തിലും കൺവെൻഷനും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇരുന്നൂറോളം പേർ പങ്കെടുത്തു. രാവിലെ ഏഴ് മുതൽ ഒൻപത് വരെ നീണ്ട പരിപാടിയിൽ പ്രധാനമന്ത്രിയുടെ വീഡിയോ സന്ദേശവും പ്രദർശിപ്പിച്ചു.







# ലോക സംഗീത ദിനം

ജൂൺ ഇരിപത്തിയെന്നാം തിയതി ലോക സംഗീത ദിനം ആചരിച്ചു.'സംഗീതത്തിലുടെ ലോകസമാധാനം'എന്നതാണ് അന്തർ ദേശീയ സംഗീത ദിനത്തിന്റെ ആദർശസുക്തം.സംഗീതം ലോകം മുഴുവനും സ്നേഹം കൊണ്ടു മുടുന്നു.മനസിനു ശാന്തി നൽകാൻ,ആത്മാവിനെ തൊട്ടുണർത്താൻ,പ്രണയം വിടർത്താൻ,ദുഃഖമകറ്റാൻ, സംഗീതത്തിന്റെ സപ്തസ്വര വിശുദ്ധിക്ക് കഴിയും.സംഗീതം ആഗോള ഭാഷയാണ്. വികാരങ്ങളുടെ സ്വതസിദ്ധമായ മാധ്യമമാണത്.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ബെന്യാമിന്റെ ആടുജീവിതം - പുസ്തക അവലോകനം




വായന വാരാചരണത്തിന്റെ ഭാഗമായി എൻ എസ് എസിന്റെ റേഡിയോ പ്ലാറ്റ്ഫോമായ സോഷ്യോപോഡ്സിലൂടെ ബെന്യാമിൻ എഴുതിയ ആടുജീവിതത്തെക്കുറിച്ച് സംസാരിച്ചു.മജിദ് എന്ന വ്യക്തിയുടെ ജീവിതകഥയാണ് ആടുജീവിതത്തിൽ പ്രതിപാദിക്കുന്നത്.ഈ പ്രവർത്തനം വളന്റിയേഴ്സിന്റെ വായനവാസന ഉയർത്തുവാനായി സഹായകമായി തീർന്നു.

# സോഷ്യോപോഡ്സ് - നാലുകെട്ട് - പുസ്തക അവലോകനം




സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ. എസ് എസ് യൂണിറ്റിന്റെ സോഷ്യോപോഡ്സ്, വായനവാരത്തോടനുബന്ധിച്ച് നടത്തുന്ന പുസ്തക അവലോകനത്തിന്റെ നാലാം എപ്പിസോഡ് പുറത്തിറക്കി.കോളേജിലെ തന്നെ വിദ്യാർത്ഥിനിയായ ക്രിസ്മ ടി ഒ എഴുതിയ എം. ടി വാസുദേവൻ നായരുടെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ നാലുകെട്ട് എന്ന കൃതിയുടെ പുസ്തക അവലോകനമാണ് വളന്റിയർ ജെന്ന ഏയ്ഞ്ചൽ ജോസഫ് പരിചയപ്പെടുത്തിയത്. എം.ടി എന്ന എഴുത്തുകാരനെക്കുറിച്ചും,അദ്ദേഹത്തിന്റെ പ്രവർത്തനമേഖല
കളെക്കുറിച്ചും,കൃതികളെക്കുറിച്ചും,അദ്ദേഹത്തിനു ലഭിച്ച അംഗീകാരങ്ങളെക്കുറിച്ചും വളരെ മനോഹരമായി ജെന്ന അവതരിപ്പിച്ചു.ഗ്രാമീണ ജീവിതത്തിന്റെ കൊച്ചു കൊച്ചു സന്തോഷങ്ങളും, പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്തും ഇതിൽ ചിത്രീകരിക്കപ്പെടുന്നു. അതോടൊപ്പം കൂട്ടുകുടുംബ വ്യവസ്ഥയും മരുമക്കത്തായ സമ്പ്രദായത്തിന്റെയും പശ്ചാത്തലത്തിൽ ജീർണമായ നാലുകെട്ടിന്റെ പൊളിച്ചെഴുത്ത് ഇതിൽ ദൃശ്യമാകുന്നു.കാലാഹരണപ്പെട്ട ഒരു സമൂഹത്തിലേക്കുള്ള എത്തിനോട്ടമാണ് നാലുകെട്ട് എന്ന പുസ്തകമെങ്കിലും, ഇതിലെ ഓരോ കഥാപാത്രങ്ങളും ആധുനിക സമൂഹത്തിലും ജീവനോടെ തന്നെ നിലനിൽക്കുന്നു.

# സോഷ്യോപോഡ്സ് - പാത്തുമ്മയുടെ ആട് - പുസ്തക അവലോകനം




വായന വാരത്തോടനുബന്ധിച്ച് സോഷ്യോപോഡ്സിന്റെ സ്പെഷ്യൽ എപ്പിസോടായ അറുപത്തിനാലാം എപ്പിസോഡിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ ' പാത്തുമ്മായുടെ ആട്' എന്ന കഥയുടെ അവലോകനമാണ് അവതരിപ്പിച്ചത്. ഇനോഷ് ബിജു എഴുതിയ അവലോകനം അവതരിപ്പിച്ചത് വളന്റിയർ അശ്വനിയാണ്. തന്റെ അതി സാധാരണ കുടുംബത്തിലെ ദൈനംദിന കാര്യങ്ങൾ കോർത്തിണക്കി ഓരോ അംഗങ്ങളെയും കഥാപാത്രങ്ങളാക്കികൊണ്ട് തന്റെ തനതായ ശൈലിയിൽ വളരെ ലളിതമായിട്ടാണ് ബഷീർ ഈ കഥ എഴുതിയിരിക്കുന്നത്. തന്റെ സഹോദരി പാത്തുമ്മായുടെ ആടിനെ കേന്ദ്ര കഥാപാത്രമാക്കിയ ഈ കഥ സമൂഹത്തിന്റെ കൂടി കഥയാണെന്നാണ് ബഷീർ പറയുന്നത്. കഥയിൽ ദാരിദ്ര്യവും മറ്റൊരു പ്രധാന വിഷയമായി എടുത്തു കാണിക്കുന്നുണ്ട്.

# സോഷ്യോപോഡ്സ് - കൈറ്റ് റണ്ണർ - പുസ്തക അവലോകനം

സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ. എസ് എസ് യൂണിറ്റിന്റെ സോഷ്യോപോഡ്സ്, വായനവാരത്തോടനുബന്ധിച്ച് നടത്തുന്ന പുസ്തക അവലോകനത്തിന്റെ ആറാം എപ്പിസോഡ് പുറത്തിറക്കി.കോളേജിലെ തന്നെ വിദ്യാർത്ഥിയായ ഹരികൃഷ്ണൻ ആർ എഴുതിയ ഖാലിദ് ഹുസൈനിയുടെ കൈറ്റ് റണ്ണർ എന്ന കൃതിയുടെ പുസ്തക അവലോകനമാണ് വളന്റിയർ സ്വാതി പരിചയപ്പെടുത്തിയത്.ഇംഗ്ലീഷിൽ എഴുതപ്പെട്ട ആദ്യത്തെ അഫ്ഗാൻ നോവലാണ് കൈറ്റ് റണ്ണർ, പത്തൊൻപതാം നൂറ്റാണ്ടിലെ റഷ്യൻ ഭാഷയുടെ വലിയ ക്യാൻവാസുകൾ ഉണർത്തിക്കൊണ്ട്, സാഹിത്യത്തിൽ ഇതുവരെ ചിത്രീകരിക്കപ്പെട്ടിട്ടില്ലാത്ത ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ കുടുംബത്തിന്റെയും പ്രണയത്തിന്റെയും സൗഹൃദത്തിന്റെയും ഒരു വലിയ കഥ അവതരിപ്പിക്കുകയാണ് എഴുത്തുകാരൻ.കൈറ്റ് റണ്ണർ ശ്രദ്ധേയവും ശക്തവുമായ അരങ്ങേറ്റമാണ്, അത് വൈകാരികമായി നിർബന്ധിതവും ആർദ്രവുമാണ്.



# സോഷ്യോപോഡ്സ് - അഗ്നിസാക്ഷി - പുസ്തക അവലോകനം

ശ്രീമതി ലളിതാംബിക അന്തർജ്ജനം എഴുതിയ അഗ്നിസാക്ഷി എന്ന നോവലിന്റെ അവലോകനമാണ് സോഷ്യോപോഡ്സിന്റെ സ്പെഷ്യൽ എപ്പിസോഡ് അറുപത്തിയാറിൽ അവതരിപ്പിച്ചത്. നമ്പൂതിരി സമുദായത്തിലെ മനുഷ്യത്വവിരുദ്ധവും സ്ത്രീവിരുദ്ധവുമായ ആചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കുമെതിരായുള്ള പ്രക്ഷോഭത്തിന് കഥകളിലൂടെ ആവേശം പകർന്ന ലളിതാംബിക അന്തർജ്ജനത്തിന്റെ ഏക നോവലാണ് അഗ്നിസാക്ഷി. തന്റെ പുതുജീവിതത്തിൽ സാക്ഷ്യം വഹിക്കേണ്ടിവന്ന യഥാർത്ഥ സംഭവങ്ങൾ ഭാവനയുടെ നിറങ്ങളിൽ ചിത്രീകരിച്ചാണ് അന്തർജ്ജനം ഈ നോവലിന് ജന്മം നൽകിയത്.അമിത് നായർ എഴുതി അയച്ച മനോഹരമായ ഈ നോവലിന്റെ അവലോകനം അവതരിപ്പിച്ചത് വളന്റിയർ കീർത്തനയാണ്.




# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. വെള്ളി, ശനി ദിവസം രാവിലെ ഒമ്പതര മണി മുതൽ വൈകീട്ട് നാല് വരെ പത്ത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.



# ട്രാഷ് ഇറ്റ് തൃശ്ശൂർ - ഒല്ലൂർ വില്ലേജ് ഓഫീസ്

ജൂൺ ഇരുപത്തിയഞ്ച് ശനിയാഴ്ച സെന്റ് തോമസ് കോളേജ് നാഷണൽ സർവീസ് സ്കീം വളന്റിയേഴ്സ് ഒല്ലൂർ വില്ലേജ് ഓഫീസ് വൃത്തിയാക്കി.ഏഴ് വളന്റിയേഴ്സ് ശുചീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. രാവിലെ പത്തിന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ ഉച്ചയ്ക്ക് പന്ത്രണ്ടര മണിയോടെ സമാപിച്ചു.വളന്റിയേഴ്സിന്റെ പ്രവർത്തനങ്ങൾ  മാതൃകാപരമാണെന്ന് അധികൃതർ അഭിപ്രായപ്പെട്ടു.












# അക്ഷരാഗ്നി

ആർദ്ര .കെ.എച്ച്

## ചോദ്യം ഉത്തരം

എൻ എസ് എസ്  ചിഹ്നത്തിലെ
ചുവപ്പുനിറം എന്തിനെയാണ്
സൂചിപ്പിക്കുന്നത്?

--യുവത്വത്തിന്റെ
ഊർജ്ജസ്വലത,ഉത്സാഹം
എന്നിവയെ സൂചിപ്പിക്കുന്നു





# ചിന്താവിഷയം

"ഒരാളെയും മറ്റുള്ളവരുടെ മുന്നിൽ വച്ച് തരം താഴ്ത്തി സംസാരിക്കരുത്, ചിലപ്പോൾ ആ മുറിവ് ഉണക്കാനോ ഒരു ക്ഷമ പറയാനോ പോലും ജീവിതത്തിൽ പിന്നീട് അവസരം ലഭിച്ചില്ല എന്ന് വരാം"

-ഡോ എ പി ജെ അബ്ദുൾ കലാം

@nss_stc_42_144